**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **04-07-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇവ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് ഉള്ളത്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

ദ

**അനുബന്ധം-I**

**തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| | | |
|---|---|---|
| 1 | Construction of Kunduchira Bridge connecting Thalassery Municipality and Kadirur Panchayath District | പ്രസ്തുത പ്രോജക്റ്റിന് കിഫ്ബി 2017 ഇൽ 10.17 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ബ്രിഡ്ജിന്റെ അലൈൻമെന്റിലൂടെ ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്മെന്റിന്റെ വാട്ടർവേ അലൈൻമെന്റ് കടന്നു വന്നതിനാൽ വെർട്ടിക്കൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി ബ്രിഡ്ജ് റീ ഡിസൈൻ ആവശ്യമായി വരികയും, അതിനനുസരിച്ചുള്ള വിശദ പദ്ധതി റിപ്പോർട്ട്, പദ്ധതി നിർവഹണ ഏജൻസി ആയ KRFB തയ്യാറാക്കി കൊണ്ടിരിക്കുകയുമാണ്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വികളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തി വരുന്നു. പ്രസ്തുത യോഗത്തിൽ ഭരണ വകുപ്പും കിഫ്ബിയും മറ്റു ബന്ധപ്പെട്ടവരും ചർച്ച ചെയ്തു എസ്.പി.വികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| 2 | KIIFB 2016-17 Kannur Airport connectivity package roads-Thalassery Koduvally Mambaram Anjarakandy Mattannur road | പ്രസ്തുത പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ചു തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) മറുപടിക്കായി പദ്ധതി നിർവ്വഹണ ഏജൻസി (SPV) ആയ കെ.ആർ.എഫ്.ബി ക്ക് (KRFB), കിഫ്ബി (KIIFB) യിൽ നിന്നും നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്മേൽ ഉള്ള മറുപടി കെ.ആർ.എഫ്.ബി, കിഫ്ബിക്ക് സമർപ്പിക്കുകയും നിലവിൽ പരിശോധനയിലുമാണ്. |
| 3 | Construction of ROB in lieu of existing LC No. 230 at Koduvally | 19.06.2020 ലെ G.O.(Rt)No.535/2020/PWD നം. സർക്കാർ ഉത്തരവ് പ്രകാരം കൊടുവള്ളി റെയിൽവേ മേൽപാലം ഉൾപ്പെടെ 10 റെയിൽവേ മേൽപ്പാലങ്ങൾക്കും ഒന്നിച്ച് സർക്കാർ ഭരണാനുമതി നൽകുകയും ഇതിനായി 281.65 കോടി രൂപ അനുവദിക്കുകയും ചെയ്തു. സ്റ്റീൽ കോൺക്രീറ്റ് കോംപോസിറ്റ് സ്ട്രക്ച്ചറിൽ നിർമ്മിക്കുന്ന ടി പാലത്തിന്റെ നിർമ്മാണ ചുമതല 0 4.01.2021 ന് M/s SPL Infrastructure Pvt Ltd.നെ ഏൽപ്പിച്ചു. നിലവിൽ റെയിൽവേ സ്പാൻ ഒഴികെയുള്ള മുഴുവൻ സ്പാനുകളും പൈലിംഗ് പ്രവൃത്തി പൂർത്തീകരിക്കുകയും 6/8 പിയർ ക്യാപ് സ്ഥാപിക്കുന്ന ജോലികൾ പുരോഗിച്ചുവരികയുമാണ് |

| | | |
|---|---|---|
| 4 | Construction of ROB in lieu of LC 227 in between Railway km 731/100-200 at Kozhikkal in Kannur District | കോഴിക്കൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.O.(Rt)No. 718/2018/PWD dated 19.04.2018 സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പഠനങ്ങൾക്ക് ശേഷം തയ്യാറാക്കിയ ഡി.പി.ആർ ആർ.ബി.ഡി.സി.കെ കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും കിഫ്ബി യിൽ നിന്നും 46.57 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു.<br><br>ആർ.ബി.ഡി.സി.കെ, പദ്ധതിയുടെ ജി.എ.ഡി. 25.04.2019 മുതൽ നിരവധി തവണ റെയിൽവേയ്ക്ക് സമർപ്പിച്ചുവെങ്കിലും തിരുത്തലുകൾ ആവശ്യപ്പെട്ട് റെയിൽവേ മടക്കി നൽകുകയും തുടർന്ന് 03.12.2020 ന് റെയിൽവേ അയച്ച കത്തിൽ പ്രസ്തുത പദ്ധതി Semi High Speed Railway Project - ന്റെ അലൈന്മെന്റിൽ വരുന്നതിനാൽ KRDCL-ൻറെ NOC ലഭിച്ചതിന് ശേഷം മാത്രമേ റെയിൽവേ അംഗീകരിക്കുകയുള്ളു എന്നും അറിയിക്കുകയുണ്ടായി, അതെ സമയം ടി സ്ഥലത്തു റെയിൽവേ ഒരു അണ്ടർപാസ്സ് നിർമിക്കുകയും നിലവിലെ ലെവൽ ക്രോസ്സ് പൂർണമായി അടക്കുകയും ചെയ്ത സാഹചര്യത്തിൽ മേൽപ്പാലവുമായി ബന്ധപ്പെട്ട നടപടികൾ താത്കാലികമായി നിർത്തിവെക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| 5 | Construction of ROB in lieu of LC 224 in between Railway KM 728/300-400 at Punnol in Kannur | പുന്നോൾ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.O.(Rt)No. 718/2018/PWD dated 19.04.2018 സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പഠനങ്ങൾക്ക് ശേഷം തയ്യാറാക്കിയ ഡി.പി.ആർ., എസ്.പി.വി ആയ ആർ.ബി.ഡി.സി.കെ, കിഫ്ബിയിൽ അപ് ലോഡ് ചെയ്യുകയും തുടർന്ന് 38.56 കോടി രൂപയ്ക്ക് അംഗീകാരവും ലഭിച്ചിട്ടുണ്ട്<br><br>പദ്ധതിയുടെ ജി എ ഡി 20.03.2019 മുതൽ നിരവധി തവണ പദ്ധതിയുടെ പദ്ധതി നിർവഹണ ഏജൻസിയായ RBDCK റെയിൽവേക്കു സമർപ്പിച്ചെങ്കിലും തിരുത്തലുകൾ ആവശ്യപ്പെട്ടു മടക്കി നൽകുകയും പ്രസ്തുത പദ്ധതി Semi Highspeed Railway Project -ന്റെ അലൈന്മെന്റിൽ വരുന്നതിനാൽ KRDCL -ന്റെ NOC ലഭിച്ചതിനു ശേഷം മാത്രമേ റെയിൽവേ അംഗീകരിക്കുകയുള്ളു എന്ന് അറിയിക്കുകയും ചെയ്തു. KRDCL ലുമായി സംയുക്ത സ്ഥല പരിശോധനക്കുള്ള തീയതി |

| | | |
|---|---|---|
| . | | അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് RBDCK യിൽ നിന്നും KRDCL -നു കത്ത് നൽകിയിട്ടുണ്ട് . |
| 6 | KIIFB 2017-18- Improvement of Thiruvangad Champad Road(Champad Koppalam-Thalassery Road) from km 01/807 to 5/208 and 6/126 to 7/120 in Thalassery LAC in Kannur District | പ്രസ്തുത റോഡിനു കിഫ്ബിയിൽ നിന്നും 69.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് റോഡിൻറെ അവസ്ഥ മോശമായതിനെ തുടർന്ന് കിഫ്ബിയുടെ മെയിന്റെനെൻസ് ഫണ്ടിൽ നിന്നും 35 ലക്ഷം രൂപയുടെ പാച്ചവർക്ക് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. |
| 7 | Thalassery Heritage Project - Phase 1<br><br>FS component wise details:<br>1. Odathil mosque and paris Hotel street-9210856.33/-<br>2. Municipal Stadium-10172845.07/-<br>3. Thiruvangad ramaswamy temple-24386244.53/-<br>4. Jagannath temple-37999804.09/-<br>5. Illikunnu Church-24712467.72/- | 1.. ഓടത്തിൽ മോസ്ക് & പാരിസ് ഹോട്ടൽ സ്ട്രീറ്റ് - പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഡ്രോയിംഗ്സിനു അംഗീകാരം ലഭ്യമാക്കിയശേഷം സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നിർദ്ദിഷ്ട എസ്. പി. വി. ആയ KIIDC സ്വീകരിച്ചു വരുന്നു.<br>2. മുനിസിപ്പൽ സ്റ്റേഡിയം - ടി പ്രവൃത്തി നിർദ്ദിഷ്ട എസ്. പി. വി. ആയ KIIDC ടെണ്ടർ ചെയ്യുകയും ലഭ്യമായ ടെണ്ടർ തുക 19.37% മുകളിലായതിനാൽ പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br>3. തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം - റേറ്റ് റിവിഷൻ നടത്തിയതിനു ശേഷം പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്<br>4. ജഗന്നാഥ ക്ഷേത്രം - പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു (40%).<br>5. ഇല്ലിക്കുന്ന ചർച്ച് - പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു (30%). |
| 8 | Thalassery Heritage Project - Phase 2<br><br>FS Components:<br>(1. Kadirur Surya Narayana Temple-29548944/-<br><br>2. Sree Chirakka kavu Bhagavathi Temple-16813060/-) | കതിരൂർ സൂര്യ നാരായണ ക്ഷേത്രം : പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഡ്രോയിംഗ്സിനു അംഗീകാരം ലഭ്യമാക്കിയശേഷം സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നിർദ്ദിഷ്ട എസ്. പി. വി. ആയ KIIDC സ്വീകരിച്ചു വരുന്നു.<br>ശ്രീ ചിറക്കക്കാവ് ഭഗവതി ക്ഷേത്രം : പ്രസ്തുത പ്രവൃത്തിയ്ക്കായി L1 ബിഡ്ഡറിനു സെലക്ഷൻ നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. എഗ്രിമെന്റിൽ ഏർപ്പെടാനുള്ള നടപടികൾനിർദ്ദിഷ്ട എസ്.പി.വി. ആയ **KIIDC** സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| 9 | Pulijolikkadav Bridge | 19.11.2021 ലെ G.O (Rt) No. 1013/2021/PWD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് റീജണൽ ഇൻവെസ്റ്റിഗേഷൻ ആൻറ് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 10 | Vattoli Palalm & Check Palam | പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്ന 8.83 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ 65% പണികൾ പൂർത്തിയായി. പ്രവൃത്തിയുടെ ഡിസൈനിൽ വന്ന മാറ്റങ്ങളെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് 25.11.2021-ന് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർത്തിവച്ചിരിക്കുന്ന ചെക്ക പാലത്തിത്തിന്റെ ജോലികൾ പുനരാരംഭിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും, കരാറുകാരൻ പണി പുനരാംരഭിച്ചില്ലാത്തിതിനാൽ [illegible] കരാർ ടെർമിനേറ്റ് ചെയ്ത് ബാക്കി പ്രവൃത്തി നടത്തുന്നതിനുവേണ്ടി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. |
| 11 | Kuttiyadi- Nadapuram-Perigathur- Mekkunnu-Panoor-Pookkod - Koothuparambu-Mattannur-Airport Connectivity Road -2 | പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള പ്രവൃത്തിക്ക് iDeCK കൺസൾട്ടൻസി തയ്യാറാക്കിയ ഡി.പി.ആർ 22.02.2021 ന് കിഫ്ബിയിൽ സമർപ്പിച്ചു. ആയത് പരിശോധിച്ച് കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകി. റിപ്പോർട്ട് പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ള അന്തിമ ഡി.പി.ആർ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി 24.05.2022 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 12 | കോടതി സമുച്ചയം തലശ്ശേരി | ടി പ്രവൃത്തി വളരെ വേഗത്തിൽ പുരോഗമിക്കുന്നുണ്ട്. കെട്ടിടത്തിന്റെ സെല്ലാർ ഫ്ളോർ ഉൾപ്പെടെ 8 നിലകളുടെ സ്ട്രക്ചർ പണികൾ പൂർത്തിയായിട്ടുണ്ട്. 2022 സെപ്തംബർ 15 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി, പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്ന മരങ്ങൾ, സെല്ലാർ ഫ്ലോറിന്റെ ഭാഗത്തുള്ള മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിനുള്ള കാലതാമസവും (ടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ല), കോവിഡ് രണ്ടാം തരംഗവും കാരണം മൂന്നര മാസം വൈകിയാണ് പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞത്. 2022 ഡിസംബർ 31 ന് എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. പ്രവൃത്തിയുടെ അവലോകനം എല്ലാ മാസവും രണ്ടാമത്തെ ബുധനാഴ്ച കെ.എസ്.സി.സി (KSCC), ഹാബിറ്റാറ്റ് HABITAT(PMC), നിർമ്മാൺ കൺസ്ട്രക്ഷൻ പ്രതിനിധികൾ എന്നിവർ വിലയിരുത്തി ആവശ്യമായ |

| | | |
|---|---|---|
| | | നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| 13 | പ്രീ-മെട്രിക് ഹോസ്റ്റൽ, കതിരൂർ | തലശ്ശേരി മണ്ഡലത്തിൽ കതിരൂർ പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ വിഭാവനം ചെയ്ത പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ 99% പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |